LIBRARY ARCHIVES Kerala Legislative Assembly

കോട്ടത്തോട് നവീകരണം

73([T]2111) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മുനിസിപ്പാലിറ്റിയിൽ കോട്ടത്തോട് നവീകരണവുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കോട്ടത്തോട് നവീകരണത്തിന് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) മാവേലിക്കര നഗരസഭയിൽ കോട്ടത്തോടിന്റെ നവീകരണത്തിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2013-14 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 'ക്ലീനിംഗ് ആന്റ് റെജുവിനേഷൻ ഓഫ് കോട്ടത്തോട്, മാവേലിക്കര, ആലപ്പുഴ' എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇതിനായി 30 ലക്ഷം രൂപ അനുവദിക്കുകയും തുക മാവേലിക്കര മുനിസിപ്പാലിറ്റിക്ക് കൈമാറുകയും ചെയ്തു.

(സി) 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി വാങ്ങി. 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തിയായതിനാൽ ഇ-ടെണ്ടർ മൂന്ന് തവണ ക്ഷണിച്ചെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാതിരുന്നതിനാൽ നെഗോസിയേഷൻ പരസ്യപ്പെടുത്തിയിട്ടുണ്ട്.

സഹകരണ സർവ്വകലാശാല

74(2112) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖല വൈവിധ്യവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സഹകരണ മേഖലയിലെ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിന് എന്തൊക്കെ അക്കാദമിക് കോഴ്സുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ;

(സി) സഹകരണ കോഴ്സുകളും പരിശീലന പരിപാടികളും ഗവേഷണങ്ങളും നടത്തുന്നതിന് സഹകരണ സർവ്വകലാശാലാ സ്ഥാപിക്കാൻ തയ്യാറാകുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.